**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി - മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | മൂതിക്കയം റെഗുലേറ്റർ പദ്ധതിയിൽ 11.09 മീറ്റർ വീതിയിൽ 156 മീറ്റർ നീളത്തിലുള്ള പാലവും, 12 സ്പാനുകളുടെ റെഗുലേറ്ററും, റെഗുലേറ്ററിന്റെ അപ്സ്ട്രീമിൽ - വലതുകരയിൽ 605 മീറ്റർ നീളത്തിലും, ഇടതുകരയിൽ 85 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും; റെഗുലേറ്ററിന്റെ ഡൗൺസ്ട്രീമിൽ - വലതുകരയിൽ 245 മീറ്റർ നീളത്തിലും, ഇടതുകരയിൽ 50 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും ആണ് പദ്ധതി ഘടകങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ 186 മീറ്റർ നീളത്തിൽ ഉള്ള അപ്രോച്ച് റോഡ് ആണ് ഇരുകരകളിലും കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പാലം, റെഗുലേറ്റർ, സംരക്ഷണഭിത്തി എന്നിവ പൂർത്തിയായി. നിലവിലുള്ള റോഡിൽ നിന്നും പൂർത്തിയാക്കിയ പാലത്തിലേക്ക് കയറാൻ സാധിക്കുന്നതാണ്.<br><br>അപ്രോച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1609/2022/RD തീയതി 07.04.2022 പ്രകാരം അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. 4(1) & 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും, സർവ്വേ & ലാൻഡ് റെക്കോർഡ്സ് ഡ്രോയിങ്സ് പുതുക്കി നല്കുകയും ചെയ്തു. സോഷ്യൽ അസസ്മെന്റ് ഇംപാക്ട് സ്റ്റഡി (Social Assessment Impact Study) പൂർത്തിയായി. 11(1) നോട്ടിഫിക്കേഷൻ നടപടി നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| (സി) | മൂദിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അനുബന്ധ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ